## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5111

22 .05.2017-ൽ
മറുപടിയ്ക്ക്

### കാസർഗോഡ് കളക്ടറേറ്റിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

| ചോദ്യം<br>ശ്രീ. എൻ .എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കാസർഗോഡ് കളക്ടറേറ്റിൽ തീർപ്പാകാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 33,339 ഫയലുകൾ |
| (ബി) ഈ ഫയലുകൾ തീരുമാനമാകാതെ അനന്തമായി കിടക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;<br><br>(സി) തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ ഏതു വിഷയവുമായി ബന്ധപ്പെട്ടവയാണെന്നും പെട്ടെന്ന് തീർപ്പാക്കാവുന്നതും എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കൃത്യവിലോപവും അലസതയും കാരണം തീരുമാനമാകാത്തതുമായ ഫയലുകൾ ഏതാണെന്നും വ്യക്തമാക്കാമോ; | (ബി) & (സി) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതും, കോടതി കേസ്സുകളുമായി ബന്ധപ്പെട്ടതും ഭൂമി സംബന്ധിച്ചതും, തണ്ണീർത്തടം, നെൽവയൽ നികത്തൽ കേസുകൾ തുടങ്ങിയ വിഷയങ്ങളിൽ ഉടൻ തീർപ്പ് കൽപിക്കാൻ പറ്റാത്തതു കൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. ഉദ്യോഗസ്ഥന്മാരുടെ കൃത്യവിലോപവും അലസതയും കൊണ്ട് ഫയൽ കുടിശ്ശിക ഇല്ല. |
| (ഡി) ഒരു മാസമായി കാസർഗോഡ് കള്ക്ടറേറ്റിൽ കിട്ടിയ അപേക്ഷകൾ എത്രയാണെന്ന് സെക്ഷൻ തിരിച്ചു വ്യക്തമാക്കാമോ; | (ഡി) 2017 ഏപ്രിൽ 15 മുതൽ 2017 മെയ് 16 വരെ മൊത്തം ലഭിച്ച തപാലുകൾ 5458 ആണ്. ഇതിൽ ജനങ്ങളുടെ അപേക്ഷകൾ 2837 ആണ്. സെക്ഷൻ തിരിച്ചുള്ള അപേക്ഷകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) ഈ അപേക്ഷകളിൽ തീരുമാനമാകാൻ എത്ര ദിവസം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; | (ഇ) അപേക്ഷയുടെ സ്വഭാവമനുസരിച്ചാണ് ഫയൽ തീർപ്പു കൽപ്പിക്കുന്നത്. കോടതി കേസും റവന്യൂ റിക്കവറി, ഭൂമി സംബന്ധിച്ച ഫയലുകൾ കൂടാതെ സബ് ഓഫീസുകളിൽ നിന്ന് റിപ്പോർട്ട് ലഭിക്കേണ്ട അപേക്ഷകൾ ഒഴികെ മറ്റെല്ലാം തന്നെ ഒരു മാസത്തിനകം തീർപ്പു കൽപ്പിക്കാൻ കഴിയും. |

(എഫ്) കാസർഗോഡ് താലുക്ക് ഓഫീസിലെ തീരുമാനമാകാത്ത ഫയലുകളുടെ എണ്ണം സംബന്ധിച്ച വിശദാംശവും അവ എന്നത്തേക്ക് തീർപ്പാക്കാനാകും എന്ന വിവരവും വെളിപ്പെടുത്തുമോ ?

(എഫ്) കാസർഗോഡ് താലൂക്കിൽ തീരുമാനമാകാത്ത ഫയലുകളുടെ എണ്ണം 5736. ഇതിൽ കോടതി കേസ്, ഭൂമി സംബന്ധിച്ച ഫയലുകൾ, ഒഴിപ്പിക്കൽ കേസ് ( കെ. എൽ. സി) ബന്ധപ്പെട്ട ഫയലുകൾ 2112 ആണ്. ബാക്കി ശേഷിക്കുന്ന 3624 ഫയലുകളിന്മേൽ 6 മാസത്തിനകം തീർപ്പു കൽപ്പിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ

അനുബന്ധം -

സെക്ഷൻ തിരിച്ചുള്ള അപേക്ഷകളുടെ കണക്ക്.

| സെക്ഷൻ | അപേക്ഷകളുടെ എണ്ണം | സെക്ഷൻ | അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| എ – ജീവനക്കാര്യം | 21 | ബി -റവന്യൂ റിക്കവറി | 145 |
| സി – ഭൂവിതരണം | 612 | ഡി - നിയമം, തോക്ക് ലൈസൻസ് തുടങ്ങിയവ | 215 |
| ഇ – തെരഞ്ഞെടുപ്പ് | 18 | എഫ്- ധനകാര്യം | 134 |
| ജി – കുടുംബക്ഷേമം, മണൽ, സാമൂഹ്യവനവൽകരണം തുടങ്ങിയവ | 387 | എച്ച് - മിച്ചഭൂമി | 215 |
| കെ-കുടിവെള്ളം, വരൾച്ച,പേമാരി തുടങ്ങിയവ | 116 | എൽ-മുഖ്യമന്ത്രി ദുരിതാശ്വാസനിധി, പൊന്നുംവിലയ്ക്ക് സ്ഥലം ഏറ്റെടുക്കൽ, നെൽ വയൽ നികത്തൽ തുടങ്ങിയവ | 611 |
| എം -വിവിധ ബില്ലുകൾ, ഭാഷാന്യൂനപക്ഷം, സർക്കാർ കെട്ടിടം, തുടങ്ങിയവ | 65 | എൻ – കോടതി കേസുകൾ | 12 |
| പി - ജനസമ്പർക്കം, ന്യൂനപക്ഷക്ഷേമം തുടങ്ങിയവ | 186 | ആർ- സബ് ഓഫീസുകളുടെ പരിശോധന, എ.ജി ഓഫീസ് പരിശോധന തുടങ്ങിയവ | 16 |
| എൻഡോസൾഫാൻ | 87 | വൈ - സർവ്വേ | 18 |
| മൊത്തം | | | 2858 |

BN

സെക്ഷൻ ഓഫീസർ